കൊല്ലം ജില്ല കാർഷിക കാലാവസ്ഥ ബുള്ളറ്റിൻ

AAS No. 68/2022

കാലാവസ്ഥ പ്രവചനം

ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റ്
കേരള കാർഷിക സർവ്വകലാശാല
കൃഷി വിജ്ഞാന കേന്ദ്രം കൊല്ലം

തീയ്യതി:26.08.2022

| കാലാവസ്ഥാ ഘടകങ്ങൾ | 2022 ആഗസ്റ്റ് 27 | 2022 ആഗസ്റ്റ് 28 | 2022 ആഗസ്റ്റ് 29 | 2022 ആഗസ്റ്റ് 30 | 2022 ആഗസ്റ്റ് 31 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 10 | 5 | 5 | 6 | 4 |
| ഉയർന്ന താപനില (ºc) | 30 | 30 | 30 | 32 | 32 |
| കുറഞ്ഞ താപനില (ºc) | 21 | 21 | 21 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത(%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത(കി.മീ/ മണിക്കൂർ) | 3 | 4 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 290 | 270 | 290 | 270 |
| മേഘ വ്യാപ്തി (ഒക്റ്റാ) | 8 | 8 | 6 | 6 | 6 |

## മഴ മുന്നറിയിപ്പ്

| 2022 ആഗസ്റ്റ് 26 | 2022 ആഗസ്റ്റ് 27 | 2022 ആഗസ്റ്റ് 28 | 2022 ആഗസ്റ്റ് 29 | 2022 ആഗസ്റ്റ് 30 |
|---|---|---|---|---|
| നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ |

## കാലാവസ്ഥ ഉള്ളടക്കം

കഴിഞ്ഞ ആഴ്ചയിലെ കാലാവസ്ഥ റിപ്പോർട്ട് പ്രകാരം, കൊല്ലം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട തോതിലുള്ള മഴ ലഭിച്ചിട്ടുണ്ട്. ജില്ലയിൽ അനുഭവപ്പെട്ട കൂടിയ താപനില 29.5 ഡിഗ്രീ സെല്ഷ്യയസ് ആയിരുന്നു.

ഇന്ത്യ കാലാവസ്ഥ വകുപ്പിന്റെ അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം അനുസരിച്ച് കൊല്ലം ജില്ലയിൽ 2022 ആഗസ്റ്റ് 26 മുതൽ 30 വരെ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ തോതിലുള്ള മഴയ്ക്കു സാധ്യത. വരും ദിവസങ്ങളിൽ ഇടിമിന്നൽ സാധ്യതയും നിലനിൽക്കുന്നുണ്ട്. കൂടിയ താപനില 32 0c വരെയും കുറഞ്ഞ താപനില 21 0c വരെയും ആകാൻ സാധ്യത.

30 - മത് കാലാവസ്ഥ ആഴ്ചയുടെ (23.07.2022 to 29.07.2022) NDVI നീരീക്ഷണ ഫലപ്രകാരം ജില്ലയിലെ വിളകളുടെ ഊർജ്ജസ് സാമാന്യം ഭേദപ്പെട്ട നിലയിലാണ്. മിനിസ്ട്രി ഓഫ് ഏർത് സയൻസിന്റെയും ഐ. എം. ഡിയുടെയും SPI ഇൻഡക്സ് ഫലപ്രകാരം കഴിഞ്ഞ 2022 ജൂലൈ 28 മുതൽ 2022 ആഗസ്റ്റ് 24 വരെ ജില്ലയിൽ നേരിയ ആർദ്ര അവസ്ഥയാണ് അനുഭവപ്പെട്ടിട്ടുള്ളത്.

## പൊതുനിർദ്ദേശങ്ങൾ

- വരും ദിവസങ്ങളിൽ ജില്ലയിൽ മഴ സാഹചര്യം നിലനിൽക്കുന്നതിനാൽ കീടനാശിനികളോ വളപ്രയോഗങ്ങളോ കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം തളിക്കുക.
- വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു ചാലുകൾ കീറി നീർവാർച്ച സൗകര്യം ഉറപ്പാക്കുകയും താങ്ങു നൽകി നൽകി നിർത്തേണ്ട വിളകൾക്ക് താങ്ങു നൽകി സംരക്ഷിക്കുകയും വിളവെടുക്കാൻ പാകമായവ വിളവെടുപ്പ്നടത്തുകയും ചെയ്യുക.

## നെല്ല്

- കൊയ്ത്തിനു പാകമായി വരുന്ന നെൽപ്പാടങ്ങളിൽ കൊയ്യുന്നതിനു രണ്ടാഴ്ച മുൻപായി വെള്ളം വാർത്തു കളയേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നത് വഴി എല്ലാ ഭാഗത്തുമുള്ള നെല്ല് ഒരേ മൂപ്പിലെത്താൻ സഹായകമാകും.



## വെള്ളരി വർഗ വിളകൾ

- വെള്ളരി വർഗ വിളകളായ പാവൽ, പടവലം, വെള്ളരി, മത്തൻ, കുമ്പളം തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നതിന് അനുയോജ്യമായ സമയമാണ് സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള കാലം.
- ഇതിനാവശ്യമായ നല്ലയിനം വിത്തുകളുടെ ശേഖരണവും നിലമൊരുക്കലിനുള്ള തയ്യാറെടുപ്പുകളും ആരംഭിക്കാവുന്നതാണ്.



## കുരുമുളക്

- മഴയെ തുടർന്ന് കുരുമുളകിൽ ദ്രുതവാട്ടരോഗം കാണാൻ സാധ്യതയുണ്ട്.
- രോഗം പ്രതിരോധിക്കുന്നതിനായി 1 % വീര്യമുള്ള ബോർഡോ മിശ്രിതമോ കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ച് കൊടുക്കുക.
- ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം 1 കിലോ ഒരു തടത്തിൽ എന്ന തോതിൽ ഇട്ടു കൊടുക്കുക.

